**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 952** **10-08-2023 - ൽ മറുപടിയ്ക്ക്**

**സേഫ് പദ്ധതി മുഖേന തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സെക്യൂർ അക്കൊമഡേഷൻ ആന്റ് ഫെസിലിറ്റി എൻഹാൻസ്‌മെന്റ് (സേഫ് )പദ്ധതി മുഖേന മങ്കട നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സേഫ് പദ്ധതി മുഖേന മങ്കട നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 36 പേർക്ക് തുക അനുവദിച്ചിട്ടുണ്ട്.<br><br>സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മങ്കട നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന പുനരുദ്ധാരണം അനുവദിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വിവിധ ഭവന പദ്ധതികൾ പ്രകാരം ധനസഹായം ലഭിച്ചിട്ടും നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത പട്ടികജാതി കുടുംബങ്ങളുടെ വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ നൽകാമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന നൽകിയ ഭവന നിർമ്മാണ ധനസഹായം ഉപയോഗിച്ച് നിർമ്മിച്ച വീടുകളിൽ മങ്കട നിയോജക മണ്ഡലത്തിലെ 3 പഞ്ചായത്തുകളിലെ 17 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**പഞ്ചായത്ത്** — **കുടുംബങ്ങളുടെ എണ്ണം**<br>കുറുവ — 1<br>പുഴക്കാട്ടിരി — 2<br>അങ്ങാടിപ്പുറം — 14 |

സെക്ഷൻ ഓഫീസർ